**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3364** **11-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. രാജ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി സംസ്ഥാനത്ത് ഒരു പട്ടയ മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി റവന്യൂ വകുപ്പ് 19.04.2023ലെ സ.ഉ.(കൈ)87/2023/ ആർ.ഡി. നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപം കൊടുത്തിട്ടുള്ളതാണ്.<br><br>മലയോര ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിന് മുൻഗണന നൽകിക്കൊണ്ട് രൂപികരിച്ച പട്ടയ മിഷൻ 19.05.2023-ന് നിലവിൽ വന്നു. വില്ലേജ് തലം മുതൽ സെക്രട്ടറിയേറ്റ് വരെയുള്ള ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗം മുതൽ നിയമസഭാ സാമാജികർ വരെയുള്ള ജനപ്രതിനിധികളും ഉൾപ്പെട്ടുവരുന്ന പട്ടയ മിഷൻ കേരളത്തിലെ പട്ടയ വിതരണത്തിന് ഒരു പുതിയ ദിശാസൂചികയാണ്. എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ മുഴവൻ ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ടു നടത്തധിയ പട്ടയ അസംബ്ലികൾ വഴി പട്ടയ പ്രശ്ങ്ങൾ കണ്ടെത്തി അവയ്ക്ക് പട്ടയ മിഷനിലൂടെ പരിഹാരം കണ്ടു വരികയാണ്. ഇതിനായി മന്ത്രി പങ്കെടുത്ത് ഓൺലൈനായി പട്ടയ അദാലത്തുകൾ ജില്ലാ അടിസ്ഥാനത്തിൽ നടത്തിവരുന്നു. അഞ്ച് തട്ടുകളായാണ് വട്ടയമിഷൻ പ്രവർത്തിക്കുന്നത്. വില്ലേജ് ഓഫീസ് കൺവീനറായ വില്ലേജ്തല വിവര ശേഖരണ സമിതിയാണ് അടിസ്ഥാന ഘടകം. വില്ലേജ് തല സമിതി റിപ്പോർട്ട് ചെയ്യുന്ന പട്ടയ പ്രശ്നങ്ങൾ താലൂക്ക് തലദൗത്യ സംഘം എന്ന രണ്ടാമത്തെ ഘടകം പരിശോധിച്ച് അവിടെ പരിഹരിക്കാൻ പറ്റുന്നവ പരധിഹരിച്ച ശേഷം |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്നവ ജില്ലാദൗത്യ സംഘത്തിനും അവിടെ നിന്നും ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായ സംസ്ഥാന ദൗത്യ സംഘത്തിനും ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന തല നിരീക്ഷണ സമിതിക്ക് ഇതേ മാതൃകയിൽ കൈമാറി പട്ടയ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കും.<br><br>പട്ടയവിതരണത്തിന് തടസ്സമായിനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഒരു ഡാഷ്ബോർഡ് സജ്ജമാക്കുകയും പട്ടയം വിതരണം ചെയ്യുന്നതിനുള്ള നിയമ തടസ്സമുൾപ്പെടെയുള്ള പ്രതിസന്ധികൾ സർക്കാരിന്റെ പ്രത്യേക അധികാരമുപയോഗിച്ച് മറികടന്നാണ് പട്ടയവിതരണത്തിൽ നിർണ്ണായക പുരോഗതി കൈവരിക്കാനായത്. ഈ സർക്കാർ അധികാരമേറ്റതിന് ശേഷം 180887 പട്ടയങ്ങൾ ഇതുവരെ നൽകി കൊണ്ട് ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന ചരിത്ര നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ ബാക്കി വരുന്ന കാലയളവിൽ ഒന്നര ലക്ഷം പട്ടയങ്ങൾ കൂടി വിതരണം ചെയ്യുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | മലയോര ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിന് പ്രസ്തുത മിഷൻ രൂപീകരണം എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാന പട്ടയം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മലയോര ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിന് തടസ്സമായി നിന്ന പട്ടയ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.<br><br>01/01/1977 ന മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതാത് പ്രദേശത്തു ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി Joint Verification (JV) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണം 2024 മാർച്ച് 01 മുതൽ 30 വരെയും 2024 ജൂലൈ 10 മുതൽ 31 വരെയും നടത്തിയിട്ടുള്ളതാണ്. വനഭൂമി വിവരശേഖരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ |

| | | | |
|---|---|---|---|
| | | | കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐ.ടി. സെൽ മുഖേന സ്വീകരിച്ച് വരുന്നുണ്ട്. പോർട്ടൽ തയ്യാറായതിനുശേഷം പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കൂടിയാലോചനകൾക്കായി 2025 മാർച്ച് 26ന് ബഹു. വനം മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരടങ്ങുന്ന ഉന്നതതല യോഗം ചേരും.<br><br>ഇടുക്കി ജില്ലയിലെ ഒലിക്കുടി, വയനാട് ജില്ലയിലെ മല്ലികപ്പാറ, മലപ്പുറം ജില്ലയിലെ വാണിയമ്പുഴ, തരിപ്പപ്പൊട്ടി, തൃശ്ശൂർ ജില്ലയിലെ വീരൻകുടി തുടങ്ങിയ പ്രദേശങ്ങളിലെ മലയോര ആദിവാസി മേഖലകളിലെ പട്ടയ പ്രശ്നങ്ങൾക്ക് ഈ കാലയളവിൽ പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. |
| (സി) | പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനായി പ്രത്യേകമായ പട്ടയ അസംബ്ലികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായാണ് പട്ടയ അസംബ്ലികൾ രൂപീകരിച്ചിട്ടുള്ളത്. 2023 ജൂലൈ ആഗസ്റ്റ് മാസങ്ങളിലായി സംസ്ഥാനമൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒന്നാംഘട്ട പട്ടയ അസംബ്ലികൾ ചേർന്നിട്ടുണ്ട്. പ്രസ്തുത പട്ടയ അസംബ്ലികളിൽ ഉന്നയിച്ചിട്ടുള്ള പട്ടയ പ്രശ്നങ്ങൾ എല്ലാം തന്നെ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നതുമാണ്.<br><br>രണ്ടാം ഘട്ടമായി 2025 മാർച്ച് 1 മുതൽ 31 നകം നിയമസഭാ സാമാജികരുടെ അദ്ധ്യക്ഷതയിൽ പട്ടയ അസംബ്ലികൾ ചേരുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര പുരോഗതി പ്രസ്തുത യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും, അതിദരിദ്രർക്ക് ഭൂമി കണ്ടെത്തി പട്ടയം അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നുണ്ട്. |
| (ഡി) | പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; | (ഡി) | 1964-ലെയും 1995-ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ ജില്ലാ അടിസ്ഥാനത്തിൽ പട്ടയ അദാലത്ത് നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും പട്ടയ അദാലത്തുകൾ ജില്ലാ അടിസ്ഥാനത്തിൽ നടത്തുകയുണ്ടായി.<br><br>ഇത് കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ – മധ്യ - ഉത്തര എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ